സപ്ലൈകോയ്ക്ക് സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

130(1387) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 സെപ്റ്റംബർ 30 മുതൽ 2007 ജനുവരി വരെ സപ്ലൈകോ എം.ഡി. ആയിരുന്ന ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്. പ്രസ്തുത കാലയളവിൽ സപ്ലൈകോയ്ക്ക് സാധനം വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ എം.ഡി. എന്ന നിലയിൽ രജിസ്റ്റർ ചെയ്യിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്യിപ്പിച്ച കേസ്സുകളിൽ എത്രയെണ്ണത്തിന് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട് ;

(സി) ഈ കേസ്സുകളിൽ ആരൊക്കെയാണ് പ്രതികൾ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2004 സെപ്തംബർ 30 മുതൽ 2007 ജനുവരി വരെ പർച്ചേസുമായി ബന്ധപ്പെട്ട് ഏകദേശം 20 ഓളം കേസുകൾ സപ്ലൈകോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ലോക്കൽ പോലീസ് അന്വേഷിച്ച രണ്ടു കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സി.ബി.ഐ. റീ-രജിസ്റ്റർ ചെയ്ത് അന്വേഷിച്ച അഞ്ച് കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) ആവശ്യപ്പെട്ട വിശദാംശങ്ങൾ ഇതോടൊപ്പം താഴെ നൽകുന്നു:

Sl. No	Case No. & Date	Investigating Agency	Details of accused in the charge sheet
(1)	(2)	(3)	(4)
1	Re-registered RC 23(A)/ 2007-KER dated 26-12-2007.	Central Bureau of Investigation, kochi unit	CBI has filed charge sheet before the CBI Court, Ernakulam against Sri.S.Pulikesi (former CMD), Sri.A.Narayanan (AGM), Sri.R.N.Satheesh (AGM), Sri. M.K.Balakrishnan (AGM retired), Sri.T.Ravinder (AGM retired), and the accused staff of various pharmaceutical agencies.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
3	Re-registered RC 24(A)/2007-KER dated 26-12-2007.	Central Bureau of Investigation, kochi unit	Charge sheet was filed against Shri. Togi Sebastian, Senior Assistant Grade I,KSCSC.
4	Re-registered RC 26(A)/2007-KER dated 26-12-2007.	Central Bureau of Investigation, Kochi unit	Charge sheet was filed against Shri. Togi Sebastian, Senior Assistant Grade I,KSCSC.
5	52/05u/s272, 417,418,420,487 IPC and Sec.2 (a) 7(1) of PF Act of Central Police Station, Ernakulam.	Sub Inspector of Police, Central Police Station.	City Police Commissioner, Kochi has reported that the case has been eharge sheeted on 21-03-2009 u/s 406 IPC. Details of the accused have not been revealed in the letter
	133/05u/s120(b) 463, 464, 466, 474, 477(A) IPC of Nedupuzha Police Station, Thrissur	Circle Inspector of Police, Cherpu	Circle Inspector of Police, Cherpu has reported that charge sheet has been failed in this case on 15-7-2009, However, details of accused in the charge sheet are not known to this office

പുളിക്കുന്ന് പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ

131(1388) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് സാദ്ധ്യതാപഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ :

(ബി) നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ പുതിയ റേഷൻ കട അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly